മ ത്ത ാ . 8 : 2 3 – 3 4

**2023 ഒക്ടോബർ 29**

## വചനസന്ദേശം

**ഫാ. ചാൾസ് തെറ്റയിൽ**

# കർത്താവേ, രക്ഷിക്കണമേ

ഉത്തരങ്ങൾ നല്കുന്ന ചോദ്യങ്ങൾക്ക് ചോദ്യം ചോദിക്കുന്ന വ്യക്തിക്ക് വില കൂടുതൽ ആയിരിക്കും, പറഞ്ഞ ഉത്തരം കാണിച്ചുകൂടി നല്കിയാൽ അത് അനുകരിക്കാൻ ഇടയാകും.

അന്തരീക്ഷം പ്രതികൂലമാണ് വചനത്തിൽ. കടലും ഗദറായരുടെ നാടും, അന്തരീക്ഷവും പിശാചുബാധിതരും – പ്രതികൂലമായ എല്ലാ സാഹചര്യങ്ങളുമുണ്ടായിട്ടും അതിനെയെല്ലാം അനുകൂലമാക്കുന്ന ഈശോയെയാണ് വചനത്തിൽ നമ്മൾ കണ്ടുമുട്ടുന്നത്. ‘‘കർത്താവേ രക്ഷിക്കണമേ, ഞങ്ങൾ ഇതാ നശിക്കുന്നു’’ എന്ന് കരയുന്ന ശിഷ്യരെയും, ‘‘എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? സമയത്തിനുമുമ്പ് ഞങ്ങളെ പീഡിപ്പിക്കാൻ നീ ഇവിടെ വന്നിരിക്കുകയാണോ?’’ എന്ന് ചോദിക്കുന്ന, ആർക്കും വഴി നടക്കാൻ സാധിക്കാത്തവിധം അപകടകാരികളായ പിശാചുബാധിതരെയും ഈശോ രക്ഷയിലേക്ക് ഒരുക്കുകയാണ്. ഈ രക്ഷ എന്താണ്, എങ്ങനെയാണ്, എപ്പോഴാണ്? ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താനും അത് പ്രാവർത്തികമാക്കാനും വചനം നമ്മെ ഒരുക്കട്ടെ.

രക്ഷയാണ്, രക്ഷയെപ്പറ്റിയാണ് ദൈവവചനം പറയുന്നത്. ഈ രക്ഷയിലേക്കു വരാൻ ആഗ്രഹിക്കുന്നവരും ഇതിനെക്കുറിച്ച് വാചാലരാകുന്നവരുമാണ് നമ്മൾ പലരും. ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യത്ത് സന്തോഷവും സമൃദ്ധിയും ലക്ഷ്യംവച്ച് മുന്നേറുകയാണ്. അയൽരാജ്യങ്ങൾക്ക് ഈ രാജാവിനോട് അസൂയ തോന്നുന്നു. അസൂയ വളർന്ന് അയൽരാജ്യങ്ങളെ കൂട്ടുപിടിച്ച് യുദ്ധത്തിന്റെ വക്കിലേക്ക് ഒടുവിൽ അതെത്തുകയാണ്. ശത്രുസൈന്യം രാജ്യത്തിന്റെ കവാടവാതിൽക്കൽ നിലയുറപ്പിച്ചപ്പോൾ രാജാവ് എന്ത് ചെയ്തെന്നോ? തന്റെ ദൂതനെ അയച്ച് സമാധാനത്തെപ്പറ്റി ചർച്ച നടത്തി. ഒടുവിൽ ചർച്ചകൾക്ക് അർത്ഥമില്ലാതായപ്പോൾ രാജാവ് തന്റെ രാജ്യത്തിനും പ്രജകൾക്കുംവേണ്ടി തന്റെ കിരീടം ഊരിവച്ച് യുദ്ധമുഖത്തിറങ്ങി ശത്രുസൈന്യത്തെ തന്റെ ജീവൻ കൊടുത്തുപോലും തോല്പിക്കുകയാണ്. ഇതൊരു ചരിത്ര കഥയാണ്. ക്രൈ സ്തവ ചരിത്രം പറയുന്നതും പഠിപ്പിക്കുന്നതും രക്ഷ നല്കാൻ തന്റെ ജീവൻ നല്കിയ, നല്കാൻ പഠിപ്പിച്ച ക്രിസ്തുചരിതമാണ്. ആടിയുലയുന്ന വഞ്ചിയിൽ ശിഷ്യർ വിളിച്ചു പറയുന്നുണ്ടല്ലോ, ‘കർത്താവേ രക്ഷിക്കണമേ’യെന്ന്. പിശാചുബാധിതർ അലറി വിളിക്കുന്നുണ്ടല്ലോ, ‘‘നീ ഞങ്ങളെ പീഡിപ്പിക്കാൻ വന്നിരിക്കുകയാണോ?’’ ശിഷ്യരും പിശാചുബാധിതരും ഈശോ രക്ഷകനാണെന്നും രക്ഷ അവനിലൂടെയാണെന്നും ഉറപ്പിക്കുകയാണ്.

രക്ഷയെപ്പറ്റി പറയുമ്പോൾ ഹൃദയഹാരിയായ ഒരു പാട്ടാണ് ഓർമ്മ വരുന്നത്. അത് ഇപ്രകാരമാണ് ‘‘കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ, കുരിശേ നമിച്ചിടുന്നു.’’ അറിയാതെയാണെങ്കിലും ആവർത്തിച്ച് പാടുംതോറും എന്തോ അദൃശ്യമായ ഒരു ദൈവികസാന്നിധ്യത്തിലാണ് നാമെന്ന് തോന്നും. അത്രമേൽ ആഴവും അർത്ഥവും നിറയുന്ന വരികൾ. രക്ഷയെന്താണ് – അത് കുരിശാണ്. രക്ഷ എന്തിലൂടെയാണ് സാധ്യമാകുന്നത് – കുരിശിലൂടെയാണ്. രക്ഷയായ കുരിശിനെ സ്വന്തമാക്കാൻ, ആ കുരിശെടുക്കാൻ തയ്യാറാവണം. സുവിശേഷത്തിൽ രക്ഷ സ്വന്തമാക്കിയവരെ കുരിശെടുത്തവരെ നമ്മൾ കാണുന്നുണ്ട്. യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പിന്റെ നാൾ മുതൽ കുരിശിലെ ബലി പൂർത്തിയാക്കുന്നതുവരെ അവനെ കണ്ടവരും, കണ്ടെത്തിയവരും കുരിശെടുത്തവരാണ്. പരിശുദ്ധ അമ്മ യേശുവിനെ ഉദരത്തിൽ വഹിച്ച് രക്ഷ യുടെ കുരിശുമായി നടന്നു. നീതിമാനായ ഔസേപ്പിതാവ് കുരിശു താങ്ങാൻ പരിശുദ്ധ അമ്മയെ സഹായിക്കുകയാണ്. 12 ശിഷ്യന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് യേശു അയച്ചു, കുരിശെടുക്കാനും കുരിശ് കൈമാറാനും.

കുരിശ് വേദനയുടെയും ഇടുങ്ങിയ വഴികളുടേതുമാണ്. ‘എന്നെ പ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും’ (മത്താ. 5:11-12). 1999-ൽ ഇന്ത്യൻ വാർത്താകോളങ്ങളിൽ ഇടംപിടിച്ച ഹൃദയം തകർത്ത ഒരു വാർത്ത ഇപ്രകാരമായിരുന്നു. 58 വയസ്സ് പ്രായമുള്ള ഗ്രഹാം സ്റ്റെയിനും, മക്കളായ 10 വയസ്സുകാരൻ ഫിലിപ്പ്, 7 വയസ്സുകാരൻ തിമോത്തി എന്നിവർ മതവർഗീയവാദത്തിന്റെ ഇരയായി

കൊല്ലപ്പെട്ടു. ഓസ്ട്രേലിയൻ മിഷണറിയായ ഗ്രഹാം സ്റ്റെയിൻസ് താൻ എടുക്കുന്ന കുരിശിന്റെ വഴി പീഡനത്തിന്റേതാണെന്നും ഇടുങ്ങിയതും ക്ലേശപൂർണവുമാണെ ന്നും അറിഞ്ഞിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ ഭാര്യ ഇന്ത്യൻ ജനതയ്ക്കു മാപ്പ് നല്കാൻ പോലും തയ്യാറായി എന്നുള്ളത് ഈ കുരിശിന്റെ മഹത്വം എത്രമേൽ ശക്തമാണെന്ന് നമ്മെ പഠിപ്പിക്കുന്നു.

മണിപ്പൂർ കത്തിയമരുന്നു. ഗോത്രങ്ങൾ തമ്മിലുള്ള കലാപമാണെന്നു പറയുമ്പോഴും ക്രൈസ്തവരാണ് പീഡിപ്പിക്കപ്പെട്ടത്, തകർക്കപ്പെട്ടത്, ചിലതെങ്കിലും കത്തോലിക്കാ ദേവാലയങ്ങളാണ്. തെരുവിലൂടെ നടത്തപ്പെട്ടത് നമ്മുടെ ക്രൈസ്തവ സഹോദരിമാരാണ്; കുരിശിനെ സ്നേഹിച്ചതിന്റെ പേരിൽ. അവരും നിലവിളിച്ചു കാണും, ''കർത്താവേ രക്ഷിക്കണമേ, ഞങ്ങൾ ഇതാ നശിക്കുന്നു.'' അവരോടും ഈശോ പറഞ്ഞത് ശാന്തമായ സ്വരത്തിലുള്ള അവന്റെ കല്പനയാണ്. ഈ ഞായർ സന്തോഷത്തിൽ ഒരുമയുടെ ബലിയിൽ നമുക്കും 'കർത്താവേ രക്ഷിക്കണമേ' എന്നു പ്രർത്ഥിക്കാം. രക്ഷയുടെ വഴി കുരിശാണെന്നും കുരിശിലൂടെയാണെന്നും നമുക്ക് തിരിച്ചറിയാം.

എല്ലാ ജോലികൾക്കും അത് ആവശ്യപ്പെടുന്ന സമർപ്പണമുണ്ട്, പൈല റ്റ്സ് തങ്ങളുടെ പരീക്ഷണ പറക്കലുകൾ കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പ് എടുക്കുന്ന 3 പ്രതിജ്ഞകൾ ഉണ്ട്. ഒന്ന്, അറിവുള്ളവരായിരിക്കണം; രണ്ട്, നല്ല സ്വഭാവം ഉണ്ടായിരിക്കണം; മൂന്ന്, എന്തെങ്കിലും അപകടം ഉണ്ടായാൽ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാണെങ്കിലും മറ്റുള്ളവരെ രക്ഷിക്കണം. എന്നിട്ടേ സ്വയം രക്ഷപ്പെടാവൂ. ക്രൈസ്തവരായ നമ്മൾ രക്ഷപ്രാപിക്കാൻ, ഇത് മൂന്നും ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ നല്ലതല്ലേ. വചനത്തെക്കുറിച്ചുള്ള അറിവ് നേടി, എല്ലാവർക്കും മാതൃക നല്കി, സ്വന്തം ജീവൻ പോലും അപരന്റെ രക്ഷയ്ക്കായി നല്കാം. കർത്താവേ രക്ഷിക്കണമേ!